# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *214 20.06.2012-ൽ മറുപടിയ്ക്ക്

### എസ്.എ.റ്റി.യിലെ ശിശുമരണം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീമതി കെ.കെ. ലതിക | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യ - കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) എസ്. എ. റ്റി. യിലെ വർദ്ധിച്ച തോതിലുള്ള ശിശുമരണത്തെക്കുറിച്ചുള്ള വാർത്തകൾ സ്വകാര്യ ആശുപത്രികളെ സഹായിക്കാൻ വേണ്ടി നിക്ഷിപ്ത താൽപര്യക്കാർ നടത്തുന്ന പ്രചരണമാണെന്ന് വകുപ്പുമന്ത്രി പ്രസ്താവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനമെന്തായിരുന്നു എന്ന് അറിയിക്കുമോ; | (എ) തിരുവനന്തപുരം ജില്ലയിൽ നിന്നും സമീപ ജില്ലകളിൽ നിന്നും നിരവധി സ്ത്രീകളും കുട്ടികളും പലവിധ അസുഖങ്ങൾക്ക് ചികിത്സ തേടിയെത്തുന്ന ഒരു പ്രമുഖ ആശുപത്രിയാണ് എസ്.എ.റ്റി. ഈ ആശുപത്രിയിൽ പ്രസവത്തിനായെത്തുന്നവരിൽ നല്ലൊരു ശതമാനം മറ്റ് ആശുപത്രികളിൽ നിന്ന് റഫർ ചെയ്തു വരുന്നവരാണ്. പലവിധ അസുഖങ്ങളോടു കൂടിയാണ് ഇവർ എത്തുന്നത്. ഇപ്രകാരം എത്തുന്നവരിൽ നിന്നു മാത്രമേ അണുബാധ ഉണ്ടാകുവാൻ സാദ്ധ്യതയുള്ളൂ. അതിനാലാണ് ഇവിടത്തെ ഇൻബോൺ/ ഔട്ട്ബോൺ നഴ്സറികളിലെ കുട്ടികളിൽ അണുബാധ കാണുന്നത് സ്വാഭാവികമായും പുറമേ നിന്നെത്തുന്ന രോഗികളിൽ നിന്നും പകരുന്നതുകൊണ്ടാണ്. ഐ.ബി.എൻ. ൽ പ്രവേശിപ്പിക്കപ്പെട്ടതിൽ അഞ്ച് കുഞ്ഞുങ്ങളും, ഒ. ബി. എൻ. ൽ പ്രവേശിപ്പിക്കപ്പെട്ടതിൽ ഒമ്പത് കുഞ്ഞുങ്ങളുമാണ് അണുബാധമൂലം മരണപ്പെട്ടത്. വിശദമായ പഠന റിപ്പോർട്ട് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) സംസ്ഥാനത്തെ മറ്റ് ആശുപത്രികളിലെയും ദേശീയതലത്തിലെയും ശരാശരിയുമായി താരതമ്യപഠനം നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) NFHS (3) (National Family Health Survey 3) പ്രകാരം നവജാത ശിശു മരണനിരക്ക് 39/1000 ആണ്. ഇതിൽ ഒട്ടുമിക്കതും സുഖപ്രസവങ്ങൾ ആയിരിക്കും. എസ്. എ. റ്റി. ആശുപത്രിയിൽ |

| | |
|---|---|
| | അമ്മമാരുടെ പലവിധ ആരോഗ്യ സങ്കീർണ്ണതകളും കുഞ്ഞുങ്ങളിലെ വളർച്ചക്കുറവ്, പ്രതിരോധ ശേഷിക്കുറവ്, ജന്മവൈകല്യങ്ങൾ ഉള്ള കുഞ്ഞുങ്ങൾ, മറ്റ് ആശുപത്രികളിൽ നിന്നും റഫർ ചെയ്തുവരുന്ന പലവിധ അസുഖങ്ങളുള്ള അമ്മമാർ (High risk) എന്നിവ കാരണം ടി ആശുപത്രിയിൽ നടന്ന 9516 പ്രസവങ്ങളിലെ മരണനിരക്ക് 2.9% ആണ്. ഇത് ദേശീയ ശരാശരിയേക്കാൾ കുറവാണ്. |
| (സി) വീഴ്ചക്കിടയാക്കിയ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നറിയിക്കാമോ? | (സി) ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

| എസ്.എ.റ്റി ആശുപത്രിയിൽ പ്രസവിച്ച് അണുബാധ സ്ഥിരീകരിച്ച് I.B.N-ൽ പ്രവേശിക്കപ്പെട്ട കുഞ്ഞുങ്ങളുടെ കണക്ക് | | | മറ്റ് ആശുപത്രികളിൽ പ്രസവിച്ച് അണുബാധ സ്ഥിരീകരിച്ച് O.B.N-ൽ പ്രവേശിക്കപ്പെട്ട കുഞ്ഞുങ്ങളുടെ കണക്ക് | |
|---|---|---|---|---|
| മാസം | പ്രവേശിക്കപ്പെട്ട കുഞ്ഞുങ്ങളുടെ എണ്ണം | മരണപ്പെട്ട കുഞ്ഞുങ്ങളുടെ എണ്ണം | പ്രവേശിക്കപ്പെട്ട കുഞ്ഞുങ്ങളുടെ എണ്ണം | മരണപ്പെട്ട കുഞ്ഞുങ്ങളുടെ എണ്ണം |
| 5/2011 | 9 | 0 | 11 | 1 |
| 6/2011 | 8 | 0 | 4 | 0 |
| 7/2011 | 3 | 0 | 3 | 1 |
| 8/2011 | 1 | 0 | 3 | 1 |
| 9/2011 | 6 | 1 | 4 | 0 |
| 10/2011 | 11 | 1 | 12 | 1 |
| 11/2011 | 7 | 1 | 15 | 1 |
| 12/2011 | 10 | 1 | 16 | 0 |
| 1/2012 | 6 | 0 | 10 | 1 |
| 2/2012 | 8 | 1 | 8 | 2 |
| 3/2012 | 8 | 0 | 8 | 1 |
| 4/2012 | 6 | 0 | 10 | 0 |
| ആകെ | 83 | 5 | 104 | 9 |